# പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ -1318

13.07.2016 ൽ മറുപടിയ്ക്ക്

## സൈബർ കുറ്റകൃത്യങ്ങൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.പി.കെ.ശശി | ശ്രീ.പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) സ്ത്രീകൾ,കുട്ടികൾ എന്നിവർക്കു നേരെ വ്യാജ പ്രൊഫൈലുകൾ, മൊബൈൽ , ഫേസ് ബുക്ക്,വാട്സ് അപ്പ് എന്നിവ മുഖേനയുള്ള ലൈംഗികാതിക്രമം , ഓൺലൈൻ പെൺവാണിഭം , മയക്കമരുന്ന് കടത്ത്തുടങ്ങിയവ കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ കാലയളവിൽ വർഷംതോറും വർദ്ധിച്ചു വന്നിരുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ പ്രസ്തുത കാലയളവിൽ ഓരോ വർഷവും ഇത്തരത്തിലുള്ള എത്ര കേസ്സുകൾ വീതം രജിസ്റ്റർ ചെയ്തുവെന്നും എത്ര പേരെ പിടികൂടിയെന്നും അതിൽ എത്ര പേരെ ശിക്ഷിച്ചുവെന്നും ഇനിയും എത്ര പേരെ പിടികൂടുവാനുണ്ട് എന്നും വ്യക്തമാക്കുമോ; | (ബി) വിശദവിവരം അനുബന്ധം-1 ആയി ചേർക്കുന്നു. |
| (സി) ഇക്കാലയളവിൽ ഓൺലൈൻ തട്ടിപ്പുകൾ ഓരോ വർഷവും വർദ്ധിച്ചു വന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടുവോ; എങ്കിൽ ഇത്തരത്തിലുള്ള എത്ര കോടി രൂപയുടെ എത്ര കേസ്സുകൾ ഓരോ വർഷവും രജിസ്റ്റർ ചെയ്തുവെന്നും എത്ര കേസ്സുകളിൽ പ്രതികളെ പിടികൂടിയെന്നും ഇനിയും എത്ര കേസ്സുകളിൽ പ്രതികളെ പിടികൂടാനുണ്ട് എന്നും വ്യക്തമാക്കുമോ; | (സി) ഉണ്ട്. വിശദവിവരം അനുബന്ധം-2 ആയി ചേർക്കുന്നു. |
| (ഡി) സംസ്ഥാനത്ത് സമൂഹമാധ്യമങ്ങൾ വഴി ദുഷ് പ്രചരണങ്ങൾ, ഭീകര പ്രവർത്തനങ്ങൾ, രാജ്യവിരുദ്ധ പ്രവർത്തനങ്ങൾ എന്നിവ കഴിഞ്ഞ അഞ്ച് വർഷമായി കൂടി വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) സംസ്ഥാനത്ത് സമൂഹമാധ്യമങ്ങൾ വഴി ദുഷ് പ്രചരണങ്ങൾ, രാജ്യവിരുദ്ധ പ്രവർത്തനങ്ങൾ എന്നിവ വർദ്ധിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ ഭീകര പ്രവർത്തനങ്ങൾ സംബന്ധിച്ച കേസുകളൊന്നുതന്നെ കഴിഞ്ഞ 5 വർഷത്തിനകത്ത് റിപ്പോർട്ട് ചെയ്തിട്ടില്ല. |

| | |
|---|---|
| (ഇ) എങ്കിൽ ഇത്തരം ഓൺലൈൻ സൈബർ കുറ്റകൃത്യങ്ങൾ നിയന്ത്രിക്കാനും സംസ്ഥാന സൈബർ അന്വേഷണ വിഭാഗം ശക്തിപ്പെടുത്താനും നൂതനമായ എന്തു നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (ഇ) സംസ്ഥാനത്ത് സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനായി ജില്ലാതല സൈബർസെല്ലുകളും, ഒരു സൈബർ പോലീസ് സ്റ്റേഷനും ഒരു ഹൈടെക് സെല്ലും പ്രവർത്തിച്ച് വരുന്നുണ്ട്. ഇവിടങ്ങളിലെ പോലീസ് ഉദ്യോഗസ്ഥർക്ക് സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിന് വേണ്ട ആധുനിക പരിശീലനങ്ങളും ആവശ്യമായ ഉപകരണങ്ങളും നൽകി വരുന്നു. ഇതിനുപുറമെ പോലീസിനെ സൈബർ കുറ്റാന്വേഷണത്തിലും, സൈബർ സുരക്ഷയിലും സഹായിക്കുന്ന സൈബർ വിദഗ്ധരുടെയും, സാങ്കേതിക വിദഗ്ധരുടേയും, എത്തിക്കൽ ഹാക്കർമാരുടെയും ഒരു ഓൺലൈൻ ഓഫീസായി സൈബർ ഡോം പ്രവർത്തിച്ചുവരുന്നു. ഇന്റർ നെറ്റ് നിരീക്ഷിക്കുന്നതിനു മാത്രമായി ഒരു യൂണിറ്റ് ഇതിൽ നിലവിലുണ്ട്. ഇന്റർനെറ്റ് വഴിയുള്ള ഭീകര വിരുദ്ധ പ്രവർത്തനങ്ങൾ തടയുന്നതിന് പ്രഥമ പരിഗണന നൽകിയും വിവിധ ജില്ലകളിൽ പ്രവർത്തിക്കുന്ന സൈബർ സെല്ലിന് കുറ്റാന്വേഷണത്തിനും മറ്റും വിദഗ്ദ്ധ ഉപദേശവും പരിഹാരവും നൽകുന്ന പ്രത്യേക ഏജൻസിയായും ഈ കേന്ദ്രം പ്രവർത്തിക്കുന്നു. സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനെ സംബന്ധിച്ച ബോധവൽക്കരണം ജനമൈത്രീ പദ്ധതി, സൈബർസെൽ ഇവ മുഖാന്തിരവും നടത്തിവരുന്നതും ഓൺലൈൻ തട്ടിപ്പ് സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ടോ എന്ന് ശക്തമായി നിരീക്ഷിച്ച് വരുന്നതുമാണ്. വ്യാജസന്ദേശങ്ങളെ കുറിച്ചുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടാൽ അവയെക്കുറിച്ച് അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ ശക്തമായ നിയമനടപടികൾ സൈബർ പോലീസ് സ്റ്റേഷൻ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം-1

| കഴിഞ്ഞ U.D.Fസർക്കാരിന്റെകാലയളവിൽ( 18.05.2011 to 24.05.2016 ) | | | | | | | | | | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | വ്യാജ പ്രൊഫൈലുകൾ മൊബൈൽ, ഫേസ് ബുക്ക്, വാട്സ് അപ്പ് എന്നിവ മുഖേനയുള്ള ലൈംഗികാതിക്രമം | | | | | | | | | | | | | | | | | | | | | | | |
| | രജിസ്റ്റർചെയ്തകേസുകളുടെഎണ്ണം | | | | | | പിടികൂടിയ പ്രതികളുടെഎണ്ണം | | | | | | ശിക്ഷിച്ച പ്രതികളുടെഎണ്ണം | | | | | | ഇനിയും പിടികൂടാനുള്ള പ്രതികളുടെഎണ്ണം | | | | | |
| | 18.05.2011 to 31.12.2011 | 2012 | 2013 | 2014 | 2015 | 2016 upto 24.05.2016 | 18.05.2011 to 31.12.2011 | 2012 | 2013 | 2014 | 2015 | 2016 upto 24.05.2016 | 18.05.2011 to 31.12.2011 | 2012 | 2013 | 2014 | 2015 | 2016 upto 24.05.2016 | 18.05.2011 to 31.12.2011 | 2012 | 2013 | 2014 | 2015 | 2016 upto 24.05.2016 |
| സ്ത്രീകൾ | 31 | 59 | 80 | 76 | 67 | 40 | 28 | 53 | 56 | 62 | 37 | 24 | 1 | 3 | 4 | 0 | 0 | 0 | 1 | 12 | 19 | 19 | 27 | 14 |
| കുട്ടികൾ | 1 | 1 | 3 | 6 | 2 | 5 | 0 | 1 | 5 | 5 | 2 | 5 | 0 | 0 | 1 | 0 | 0 | 0 | 0 | 0 | 0 | 1 | 0 | 1 |

| കഴിഞ്ഞ U.D.Fസർക്കാരിന്റെകാലയളവിൽ( 18.05.2011 to 24.05.2016 ) | | | | | | | | | | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | ഓൺലൈൻ പെൺവാണിഭം | | | | | | | | | | | | | | | | | | | | | | | |
| | രജിസ്റ്റർചെയ്തകേസുകളുടെഎണ്ണം | | | | | | പിടികൂടിയ പ്രതികളുടെഎണ്ണം | | | | | | ശിക്ഷിച്ച പ്രതികളുടെഎണ്ണം | | | | | | ഇനിയും പിടികൂടാനുള്ള പ്രതികളുടെഎണ്ണം | | | | | |
| | 18.05.2011 to 31.12.2011 | 2012 | 2013 | 2014 | 2015 | 2016 upto 24.05.2016 | 18.05.2011 to 31.12.2011 | 2012 | 2013 | 2014 | 2015 | 2016 upto 24.05.2016 | 18.05.2011 to 31.12.2011 | 2012 | 2013 | 2014 | 2015 | 2016 upto 24.05.2016 | 18.05.2011 to 31.12.2011 | 2012 | 2013 | 2014 | 2015 | 2016 upto 24.05.2016 |
| സ്ത്രീകൾ | 1 | 2 | 6 | 2 | 3 | 7 | 1 | 2 | 21 | 2 | 39 | 15 | 0 | 1 | 2 | 0 | 0 | 0 | 0 | 0 | 2 | 0 | 3 | 2 |
| കുട്ടികൾ | 0 | 0 | 1 | 1 | 0 | 2 | 0 | 0 | 1 | 1 | 0 | 3 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |

| കഴിഞ്ഞ U.D.Fസർക്കാരിന്റെകാലയളവിൽ( 18.05.2011 to 24.05.2016 ) | | | | | | | | | | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | മയക്കുമരുന്ന് കടത്ത് | | | | | | | | | | | | | | | | | | | | | | | |
| | രജിസ്റ്റർചെയ്തകേസുകളുടെഎണ്ണം | | | | | | പിടികൂടിയ പ്രതികളുടെഎണ്ണം | | | | | | ശിക്ഷിച്ച പ്രതികളുടെഎണ്ണം | | | | | | ഇനിയും പിടികൂടാനുള്ള പ്രതികളുടെഎണ്ണം | | | | | |
| | 18.05.2011 to 31.12.2011 | 2012 | 2013 | 2014 | 2015 | 2016 upto 24.05.2016 | 18.05.2011 to 31.12.2011 | 2012 | 2013 | 2014 | 2015 | 2016 upto 24.05.2016 | 18.05.2011 to 31.12.2011 | 2012 | 2013 | 2014 | 2015 | 2016 upto 24.05.2016 | 18.05.2011 to 31.12.2011 | 2012 | 2013 | 2014 | 2015 | 2016 upto 24.05.2016 |
| സ്ത്രീകൾ | 4 | 10 | 6 | 9 | 9 | 10 | 4 | 13 | 11 | 21 | 9 | 10 | 0 | 4 | 0 | 7 | 0 | 0 | 0 | 1 | 6 | 6 | 2 | 1 |
| കുട്ടികൾ | 0 | 1 | 1 | 2 | 0 | 1 | 0 | 6 | 1 | 2 | 0 | 1 | 0 | 0 | 1 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |

സെക്ഷൻ ഓഫീസർ

**അനുബന്ധം-2**

| ഓൺലൈൻ തട്ടിപ്പുകൾ | | | | |
|---|---|---|---|---|
| | രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണം | ആകെ തുക | ഇതിൽ പ്രതികളെ പിടിച്ച കേസുകളുടെ എണ്ണം | ഇതിൽ ഇനിയും പ്രതികളെ പിടികൂടുവാനുള്ള കേസുകളുടെ എണ്ണം |
| 18.05.2011 മുതൽ 31.12.2011 വരെ | 11 | 207836460 + 54500 ഡോളർ | 4 | 7 |
| 2012 | 24 | 54292238 | 9 | 15 |
| 2013 | 26 | 22832701 | 9 | 17 |
| 2014 | 42 | 17796656 | 5 | 37 |
| 2015 | 52 | 39768581 | 12 | 40 |
| 2016 (24.05.2016 വരെ) | 27 | 24164397 | 7 | 20 |

(signature)

സെക്ഷൻ ഓഫീസർ